# "മൂല്യാധിഷ്ഠിത വിദ്യാഭ്യാസം എന്റെ ജന്മാവകാശം"

**അതിരൂപതാ വിദ്യാഭ്യാസ കൗൺസിൽ**
എറണാകുളം-അങ്കമാലി അതിരൂപത

**1. ക്രിസ്തീയസഭകൾ എന്തുകൊണ്ട് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിച്ചു?**

വിദ്യാഭ്യാസ പ്രേഷിതത്വത്തിന്റെ ഭാഗമായാണ് ക്രൈസ്തവർ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിച്ചത്. കേരളത്തിൽ വിദ്യാഭ്യാസ പുരോഗതിയുടെ അടിത്തറയിട്ടത് പള്ളിയോടു ചേർന്ന് ആരംഭിച്ച പള്ളിക്കൂടങ്ങളിലൂടെയാണ്. മനുഷ്യവ്യക്തിത്വത്തിന്റെ പൂർണ്ണതയ്ക്ക് വിദ്യാഭ്യാസം പരമപ്രധാനമാണെന്നതാണ് സഭയുടെ അവബോധം. വിദ്യാഭ്യാസം എല്ലാവർക്കും നൽകുക എന്ന വിശാലമായ കാഴ്ചപ്പാടോടെയാണ് ക്രൈസ്തവ വിദ്യാലയങ്ങൾ ഇന്നും നടത്തിക്കൊണ്ടു പോകുന്നത്.

**2. ക്രിസ്തീയ സഭകൾക്ക് വിദ്യാഭ്യാസം ധനാഗമമാർഗ്ഗമാണോ?**

വിദ്യാഭ്യാസം ക്രൈസ്തവർക്ക് സേവനമാർഗമാണ്. വിദ്യ അഭ്യസിക്കൽ സമ്പന്ന വർഗ്ഗത്തിന്റെ സ്വകാര്യ ആനു കൂല്യമായിരുന്ന കാലത്ത് പാവപ്പെട്ടവർക്കും അത് ലഭ്യമാ ക്കാനുള്ള ശ്രമത്തിന്റെ ഭാഗമായാണ് നമ്മുടെ സ്കൂളുകൾ രൂപംകൊണ്ടതുതന്നെ. ആദ്യമാദ്യം വൈദികരും സന്യാസി- സന്ന്യാസിനികളും നിസ്വാർത്ഥരായ അല്മായ സഹോദര ങ്ങളുമാണ് ഈ രംഗത്തു പ്രവർത്തിച്ചിരുന്നത്. പിടിയരി പിരിച്ചും കെട്ടുതെങ്ങ് നടത്തിയുമാണ് സഭ ഈ പ്രവർ ത്തനങ്ങൾ ചെയ്തുപോന്നത്. എന്നാൽ പിന്നീട് അധ്യാ പകർക്ക് വേതനം നൽകാൻ ഫീസ് ഏർപ്പെടുത്തേണ്ടതായി വന്നു. ഇത് ധനാഗമ മാർഗ്ഗമായല്ല, പ്രത്യുത സേവനത്തിന് അർഹമായ വേതനമായാണ് ചെയ്തുവന്നത്.

**3. എയ്ഡഡ് സ്ഥാപനങ്ങളിൽ ശമ്പളം നൽകുന്നത് സർക്കാരായതിനാൽ നിയമനവും സർക്കാരല്ലേ നടത്തേണ്ടത്?**

ഒറ്റ നോട്ടത്തിൽ ഏറ്റവും യുക്തിസഹമായി തോ ന്നാവുന്ന ഒരു ചോദ്യമാണിത്. സർക്കാർ നേരിട്ടു നടത്തുന്ന സ്കൂളുകളിൽ സർക്കാർ നിയമനം നടത്തുന്നതു പോലെയല്ല എയ്ഡഡ് സ്കൂളിലെ സ്ഥിതി. എയ്ഡഡ് സ്കൂളുകൾക്കുള്ള ഭൂമി, കെട്ടിടം, സാമഗ്രികൾ, മെയ്ന്റനൻസ് നടത്തിപ്പ് ഇവയെല്ലാം മാനേജ്മെന്റാണ് ഒരുക്കുന്നത്. അടിസ്ഥാനവിദ്യാഭ്യാസം സൗജന്യമായി നൽകുക എന്ന സർക്കാരിന്റെ അടിസ്ഥാനകർത്തവ്യ ത്തിന്റെ ഭാഗമായി മാത്രമാണ് എയ്ഡഡ് സ്കൂളുകളിലെ അധ്യാപകർക്ക് ശമ്പളം സർക്കാർ നൽകുന്നത്.

**4. എയ്ഡഡ് സ്കൂളുകളിലെ നിയമനം എന്തുകൊണ്ട് മാനേജ്മെന്റ് നടത്തണം?**

നമ്മുടെ മത-സാംസ്കാരിക മൂല്യങ്ങൾ പകർന്നു നൽകുന്നതിന് പ്രാപ്തരാകണം നമ്മുടെ അധ്യാപകർ. ഓരോ സമുദായത്തിന്റെയും തനതായ സംസ്കാരം അഭംഗുരം സംരക്ഷിക്കപ്പെട്ടാൽ മാത്രമേ ഇന്ത്യയുടെ നാനാത്വത്തിലെ ഏകത്വം നിലനിൽക്കുകയുള്ളൂ. ഇതു കാത്തുസൂക്ഷിക്കാൻ കഴിയുന്നവരെ തെരഞ്ഞെടുക്കാൻ മാനേജ്മെന്റിനാണ് കഴിയുക. പി.എസ്.സിക്ക് വിട്ടുകൊടു ക്കേണ്ടതല്ല ഈ നിയമനാധികാരം.

**5. പഞ്ചായത്തീ രാജ് ആക്ട് അനുസരിച്ച് പഞ്ചായത്തുകൾക്ക് സ്കൂളുകളിലുള്ള അധികാരങ്ങൾ എന്തൊക്കെയാണ്?**

പഞ്ചായത്തീ രാജ് ആക്ടിന്റെ 166-ാം വകുപ്പിന്റെ വിശദീകരണമായി മൂന്നാം ഷെഡ്യൂളിൽ പറഞ്ഞിരിക്കുന്ന വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ, സർക്കാർ പ്രീ-പ്രൈമറി സ്കൂളുകളുടെയും പ്രൈമറി സ്കൂളുകളുടെയും നടത്തി പ്പും സാക്ഷരതാ പരിപാടികളും വായനശാലകളുടെയും ഗ്രന്ഥശാലകളുടെയും നടത്തിപ്പും പ്രോത്സാഹനവും നൽകുന്നതിനുള്ള അധികാരവും ഗ്രാമപഞ്ചായത്തു കൾക്കാണ്. ബ്ലോക്ക് പഞ്ചായത്തിനാകട്ടെ, സർക്കാർ വ്യവ സായ പരിശീലനസ്ഥാപനങ്ങളുടെ നടത്തിപ്പും, ജില്ലാ പഞ്ചായത്തിന് സർക്കാർ ഹൈസ്കൂളുകൾ, ഹയർ സെക്കണ്ടറി സ്കൂളുകൾ, സാങ്കേതിക സ്കൂളുകൾ, തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി സ്കൂളുകൾ, വിദ്യാഭ്യാസത്തിനും പരിശീലനത്തിനുമുള്ള ജില്ലാ ഇൻസ്റ്റിറ്റ്യൂട്ടുകൾ, വിദ്യാഭ്യാസം സംബന്ധിച്ച കേന്ദ്ര-സം

സ്ഥാനസർക്കാർ സ്പോൺസേർഡ് പരിപാടികളുടെ ഏകോപനം എന്നിവയുടെ ചുമതലകളാണ് ഉള്ളത്.

**6. പഞ്ചായത്തുകളുടെ ഈ അധികാരത്തെചൊല്ലിയുള്ള വിവാദം എന്താണ്?**

സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെമേൽ മാത്രമേ പഞ്ചായത്ത് രാജ് ആക്ട് അനുസരിച്ച് ത്രിതല പഞ്ചായത്തുകൾക്ക് അധികാരമുള്ളു എന്നു വ്യക്തമായി രിക്കെ തന്നെ, എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പഞ്ചായത്തിന് ഇടപെടാമെന്ന രീതിയിലുള്ള പത്രപ്രസ്താ വനകളും, വിദ്യാഭ്യാസ മന്ത്രിയുടെയും തദ്ദേശസ്വയംഭരണ മന്ത്രിയുടെയും വൈരുദ്ധ്യാത്മകമായ വിശദീകരണങ്ങളു മാണ് ഇതൊരു വിവാദവിഷയമാക്കിയത്. ജൂലായ് 1, 2,3 തീയതികളിലായി മലയാള മനോരമ പ്രസിദ്ധീകരിച്ച ഒരു അന്വേഷണ റിപ്പോർട്ട് അനുസരിച്ച് ചില എയ്ഡഡ് സ്കൂളുകളിൽ ഗ്രാമ പഞ്ചായത്ത് അധികാരങ്ങൾ പ്രയോഗിച്ചു തുടങ്ങിയതായും കാണുന്നു.

**7. എന്താണ് ന്യൂനപക്ഷാവകാശങ്ങളെക്കുറിച്ചുള്ള വിഷയങ്ങളുടെ കാതൽ?**

ജനാധിപത്യ വ്യവസ്ഥിതിയിൽ എല്ലാ തീരുമാനങ്ങ ളും ഭൂരിപക്ഷാടിസ്ഥാനത്തിലാണു നടപ്പാക്കപ്പെടുന്നത്. ഇത് ന്യൂനപക്ഷങ്ങളുടെ നിലനിൽപ്പിനും, വളർച്ചയ്ക്കും തടസ്സമാകാൻ പാടില്ല എന്ന പ്രതിജ്ഞാബദ്ധതയിൽ ഭരണ ഘടനഇന്ത്യയിലെ ന്യൂനപക്ഷങ്ങൾക്ക് ചില പ്രത്യേക അവകാശങ്ങൾ നീക്കിവെച്ചിട്ടുണ്ട്. സുറിയാനി കത്തോ ലിക്കർക്ക് സംവരണത്തിന്റെ യാതൊരുവിധ ആനുകൂല്യ ങ്ങളുമില്ല. മെറിറ്റുവഴി വിദ്യാഭ്യാസം കരഗതമാക്കാൻ കുറച്ചുപേർക്കു മാത്രമേ സാധ്യമാകൂ. നമുക്ക് ന്യൂനപക്ഷാ വകാശ പ്രകാരമുള്ള സ്ഥാപനങ്ങൾ നടത്താൻ പറ്റിയാൽ മാത്രമേ നമ്മുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസത്തിനും പ്രൊഫഷണൽ വിദ്യാഭ്യാസത്തിനും അവസരം ലഭിക്കൂ.

**8. സ്വാശ്രയ പ്രശ്നത്തിൽ മാനേജ്മെന്റുകളുടെ നിലപാട് എന്താണ്?**

സ്വാശ്രയ സ്ഥാപനങ്ങളുടെ നടത്തിപ്പിന് ഒരു തുക യും സർക്കാർ നൽകുന്നില്ല. വിദ്യാർത്ഥികളിൽ നിന്നാണ് വിഭവ സമാഹരണം നടത്തേണ്ടത്. സർക്കാർ ഒരു പൈസാ പോലും തരാത്ത ഈ സ്ഥാപനങ്ങളുടെ നടത്തിപ്പിൽ സർക്കാരിന് ഇടപെടാൻ യാതൊരു അവകാശവുമില്ല. സർക്കാർ നിർബന്ധിക്കുന്നത് 50 ശതമാനം സീറ്റുകളിൽ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാൻ സർക്കാരിന് അധി കാരം നൽകണമെന്നാണ്. ഭരണഘടനഅനുവദിച്ചു തന്നിട്ടുള്ളതും സുപ്രീം കോടതി വിധികൾ അരക്കിട്ടുറ പ്പിച്ചിട്ടുള്ളതുമായ ഒന്നാണ് നൂറുശതമാനം സീറ്റിലും വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാനുള്ള അവകാശം. അത് താൽക്കാലിക നീക്കുപോക്കിനുവേണ്ടി വേണ്ടെന്നു വെച്ചാൽ ഭാവിയിൽ വലിയ അപകടത്തിലേയ്ക്കു നയിക്കുമെന്ന ആശങ്ക സമുദായങ്ങൾക്കുണ്ട്. സ്വാശ്രയ നിയമത്തിന്റെ മുഖ്യവകുപ്പുകൾ നിലനിൽക്കില്ലെന്നു മനസ്സിലാക്കിയ സർക്കാർ, മാനേജ്മെന്റുകളെ ഭീഷണി പ്പെടുത്തി സമ്മതിപ്പിക്കാനുള്ള ശ്രമം സമുദായങ്ങൾ തിരിച്ചറിയുന്നു. തന്നെയുമല്ല, സുപ്രീം കോടതിയിൽ ഇനിയും നിയമം ചർച്ചയ്ക്കു വരുമ്പോൾ സർക്കാരിന് ഈ ധാരണ ചൂണ്ടിക്കാണിച്ച് അനുകൂലമായ വിധി സമ്പാദിക്കാനുള്ള പദ്ധതിയുണ്ടാകാം എന്ന സംശയവും സമുദായങ്ങൾക്കുണ്ട്.

**9. എന്തുകൊണ്ടാണ് 50:50 അനുപാതം മാനേജ്മെന്റുകൾക്ക് സ്വീകാര്യമല്ലാത്തത്?**

50 ശതമാനം സീറ്റിൽ സർക്കാർ ക്വാട്ടയിൽ നിന്നുമുള്ള വിദ്യാർത്ഥികൾ സർക്കാർ നിശ്ചയിക്കുന്ന തുക ഫീസായി കൊടുക്കുകയും മാനേജ്മെന്റ് ക്വാട്ടയിൽ വരുന്ന വിദ്യാർത്ഥികളിൽ നിന്നും ഉയർന്ന ഫീസ് ഈടാക്കുകയും ചെയ്യുന്ന രീതിയെ ക്രോസ് സബ്സിഡി എന്നാണു വിശേഷിപ്പിക്കുന്നത്. ഇതുവരെയുള്ള സ്വാശ്രയ കോളജ് വിധികളിൽ ഇന്ത്യയിലെ പരമോന്നത കോടതിയും ഹൈക്കോടതികളും ഈ ക്രോസ് സബ്സിഡിയെ അംഗീ കരിച്ചിട്ടില്ല. അതു നീതിരഹിതമാണ്. മാത്രമല്ല സർക്കാർ ക്വാട്ടയിൽ റാങ്ക് ലിസ്റ്റിൽ വരുന്ന കുട്ടികൾ നിലവാരമുള്ള എൻട്രൻസ് കോച്ചിംഗ് സെന്ററുകളിൽ പഠിക്കാൻ സാ മ്പത്തിക നിലവാരമുള്ള കുടുംബങ്ങളിൽ നിന്നും വരു ന്നവരാണ്. ഈ നാട്ടിലെ സമ്പന്നരുടെ മക്കളെ മാനേജ് മെന്റ് ക്വാട്ടയിൽ, കടമെടുത്തും ലോണെടുത്തും ഫീസു കൊടുക്കുന്ന കുട്ടികളിൽ നിന്നും ഫീസ് പിരിച്ച് പഠിപ്പിക്ക ണമെന്നുള്ളത് എന്തു നീതിയാണ്? ഇതു തികച്ചും യുക്തി രഹിതവും കോടതി വിധികൾക്കെതിരെയുമാണ്.

മെഡിക്കൽ കോളജുകളിൽ മാനേജ്മെന്റിന് അംഗീകരിച്ചു കൊടുത്ത 50 ശതമാനം സീറ്റിന് 1,13,000 രൂപയും 50 ശതമാനം സർക്കാർ സീറ്റിന് 12,250 രൂപയും മാത്രമേ പിരിക്കാവൂ എന്ന നിർബന്ധമായിരുന്നു സർക്കാർ പുലർത്തിയത്. എൻ.ആർ.ഐ സീറ്റിന് പ്രത്യേക ഫീസ് ഘടനയും നിശ്ചയിച്ചിരുന്നില്ല. ശരാശരി ഒരു വിദ്യാർ ത്ഥിയിൽ നിന്ന് ഫീസ് ഇനത്തിൽ കോളേജിന് കിട്ടാവുന്ന വരുമാനം വെറും 62,625 രൂപയായിരുന്നു. സർക്കാർ നടത്തുന്ന മെഡിക്കൽ കോളജുകളിൽ ഒരു വിദ്യാർത്ഥി ക്ക് നാലു ലക്ഷത്തിലധികം രൂപ ചെലവാകുമ്പോഴാണ് സ്വാശ്രയ മെഡിക്കൽ കോളജുകൾക്ക് സർക്കാർ ഈ തുച്ഛമായ ഫീസ് നിശ്ചയിച്ചത്. എന്നിട്ടാണ് സ്വാശ്രയ പ്രൊഫഷണൽ കോളജുകൾ കൊള്ളലാഭം ഉണ്ടാക്കുക യാണെന്ന് അധികാരത്തിലുള്ളവർ നാടുനീളെ പ്രസംഗിച്ചു നടന്നത്. ഒരു തരത്തിലും പ്രായോഗികമല്ലാത്തതും അനീതിപരവുമായതുകൊണ്ടാണ് മാനേജ്മെന്റിന് ഈ നിയമങ്ങൾ പ്രായോഗികമല്ലാത്തത്.

**10. ഈ വർഷത്തെ ഫീസ് നിരക്ക് എങ്ങനെയാണ്? എന്തുകൊണ്ട് മാനേജ്മെന്റ് അത് സ്വീകരിക്കുന്നില്ല?**

താമസിച്ചാണെങ്കിലും സർക്കാരിന് പുതിയ തിരി ച്ചറിവ് ഉണ്ടായിട്ടുണ്ട്. സർക്കാർ ഇപ്പോൾ 50 ശതമാനം സർക്കാർ സീറ്റിൽ 20,000 രൂപ ഫീസും 2.5 ലക്ഷം ഡിപ്പോസിറ്റും 35 ശതമാനം സീറ്റിൽ 5.5 ലക്ഷം രൂപ ഫീസും 5 ലക്ഷം രൂപ ഡിപ്പോസിറ്റും 15 ശതമാനം എൻ.ആർ.ഐ. സീറ്റിൽ 9 ലക്ഷം രൂപ ഫീസും ഈടാ ക്കാൻ വ്യവസ്ഥ ചെയ്തിരിക്കുന്നു. വൈകിയാണെങ്കിലും വളരെ ലളിതമായ കണക്കു മനസ്സിലാക്കാൻ സർക്കാർ സാവകാശം കാണിച്ചുവെന്നത് നല്ലകാര്യമാണ്. എന്നാൽ ഇത്രയും വലിയ തുക ഫീസ് വാങ്ങാനുള്ള വ്യവസ്ഥ ചെയ്ത സാഹചര്യത്തിലും എന്തുകൊണ്ടാണ് മാനേജ് മെന്റുകൾ മാറിനിൽക്കുന്നത് എന്ന ചോദ്യം പ്രസക്തമാണ്. സുപ്രീം കോടതി ചൂണ്ടിക്കാണിച്ച വലിയൊരു അനീതി ഇവിടെ വ്യക്തമായി കാണാം. മാനേജ്മെന്റ് ക്വാട്ടയിൽ പ്രവേശനം ലഭിക്കുന്ന 50 ശതമാനം വിദ്യാർത്ഥികളിൽ നിന്ന് കൂടുതൽ ഫീസ് പിരിച്ച് സർക്കാർ സീറ്റിൽ പ്രവേ ശനം ലഭിക്കുന്ന വിദ്യാർത്ഥികളുടെ പഠനച്ചെലവ് വഹി ക്കണമെന്നതാണ് ഈ അനീതി. എന്തിന് പാവപ്പെട്ടവന്റെ പേരുപറഞ്ഞ് സമ്പന്നന്റെ കുട്ടികളെ പഠിപ്പിക്കാൻ സർക്കാർ ഒത്താശ ചെയ്യുന്നു?

**11. മതപഠനങ്ങളും മതചിഹ്നങ്ങളും വിദ്യാലയങ്ങളിൽ നിരോധിക്കാൻ നീക്കമുണ്ടോ?**

ന്യൂനപക്ഷങ്ങൾക്ക് ഭരണഘടനഅനുവദിച്ചു തന്നിരിക്കുന്ന അവകാശമാണ് അവരുടെ മതം, ഭാഷ, സാംസ്കാരം എന്നിവ സംരക്ഷിക്കപ്പെടണമെന്നത്. ഓരോ മതത്തിന്റെയും തനിമ നിലനിർത്തിക്കൊണ്ട് അന്യമതങ്ങളോട് സഹിഷ്ണുത പുലർത്തുന്നതാണ് ഇന്ത്യയുടെ മാതൃകയെന്ന് സ്വാമി വിവേകാനന്ദൻ തന്റെ വിഖ്യാതമായ ചിക്കാഗോ പ്രഭാഷണങ്ങളിൽ പറഞ്ഞിട്ടുണ്ട്. ക്രിസ്തീയ വിദ്യാലയങ്ങളുടെ മുഖമുദ്രയാണ് ക്രിസ്തീയ മത ചിഹ്നങ്ങൾ. ഇതിനോട് അസഹിഷ്ണുത പുലർത്തുന്ന നിരീശ്വര ചിന്തകളാണ് ഉത്തരവാദിത്വപ്പെട്ടവരുടെ ഭാഗത്തുനിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഈ മത രഹിത വിദ്യാഭ്യാസത്തിന്റെ ഫലമായി പ്രാർത്ഥന, തിരു സ്വരൂപങ്ങൾ, പ്രോട്ടോകോൾ എന്നിവ മാറ്റേണ്ടി വരുന്നത് നമുക്ക് അംഗീകരിക്കാനാവില്ല.

**12. വിദ്യാർത്ഥികൾക്കു നൽകുന്ന ലൈംഗിക വിദ്യാഭ്യാസത്തിൽ എന്താണ് കുഴപ്പം?**

വിദ്യാലയങ്ങളിൽ ആരംഭം കുറിച്ച ഒരു പുതിയ പരിപാടിയാണ് കൗമാര ലൈംഗിക വിദ്യാഭ്യാസം. എയ്ഡ്സ് പോലുള്ള ലൈംഗിക രോഗങ്ങൾ തടയുന്നതിന് സുരക്ഷിത മാർഗങ്ങൾ ഉപദേശിക്കുന്ന യൂനിസെഫിന്റെ ഒരു പ്രോജക്ടാണിത്. (എ.ഇ.പി. അഡോൾസന്റ് എഡ്യു ക്കേഷൻ പ്രോഗ്രാം). കൗമാരത്തിന്റെ ചക്രവാളങ്ങൾ എന്ന പാഠ്യപദ്ധതിയിലൂടെ പശ്ചാത്യസംസ്കാരം ഇവിടെ രൂപപ്പെടുത്തുന്നതിനുള്ള ശ്രമമാണു നടത്തുന്നത്. സുര ക്ഷിത ലൈംഗികത എന്നതാണ് ഈ പരിപാടിയുടെ ആപ്തവാക്യം. എട്ടാം ക്ലാസു മുതലാണ് ഈ കരിക്കുലം നടപ്പാക്കേണ്ടത്. എന്നാൽ പ്രസിദ്ധീകൃതമായ ടെക്സ്റ്റ് ബുക്ക് തുറന്ന ലൈംഗിക പ്രകടനങ്ങളിലേക്ക് കുട്ടികളെ നയിക്കുന്ന രീതിയിലാണ് വിഷയങ്ങൾ അവതരിപ്പി ക്കുന്നത്. സദാചാര മൂല്യങ്ങൾ കുട്ടികളെ പഠിപ്പിക്കു ന്നതിൽ നിതാന്ത ജാഗ്രത പുലർത്തുന്ന ഒരു സമൂഹത്തിന് സദാചാര ദർശനങ്ങളെത്തന്നെ അപ്പാടെ തകിടം മറിക്കുന്ന ഈ പാഠ്യപദ്ധതിയോട് യോജിപ്പല്ല ഉള്ളത്. (ഈ പാഠ്യ പദ്ധതി സർക്കാർ പിൻവലിച്ചുവെന്നും എന്നാൽ എല്ലാ സ്കൂൾ ലൈബ്രറികളിലും ഇതിന്റെ കോപ്പികൾ ഉണ്ടാകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടെന്നും അറിയുന്നു.)

**13. എന്താണ് സർക്കാർ നിർദ്ദേശിക്കുന്ന കെ.ഇ.ആർ. പരിഷ്കാരങ്ങളിൽ ഭയപ്പെടാനുള്ളത്?**

നാം മനസ്സിലാക്കുന്നതനുസരിച്ച് കെ.ഇ.ആർ. പരിഷ്കരണ സമിതിയുടെ ഘടനയും അവർക്ക് നൽകി യിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പല അപകടസൂചനകളാണു നൽകുന്നത്. മാനേജ്മെന്റുകളുടെ സ്ഥാനത്ത് ജനപ്രതിനിധികളെ അവരോധിക്കാനും, അങ്ങനെവിദ്യാലയനടത്തിപ്പു തന്നെ രാഷ്ട്രീയ ഇടപെടലിന്റെ വേദിയാക്കാനുമാണ് ഗൂഢശ്രമം. സർക്കാരിന്റെ ഉത്തര വാദിത്വം കൈയൊഴിഞ്ഞ് അത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ കൈയേൽപ്പിക്കാനും സാദ്ധ്യതകളുണ്ട്. പിൻവാതിലിലൂടെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ കക്ഷി രാഷ്ട്രീയത്തിന്റെ ചട്ടുകങ്ങളാക്കാനുള്ള നീക്കമാണിത്.

**14. അസ്വസ്ഥത സൃഷ്ടിക്കുന്ന മറ്റു കാര്യങ്ങൾ എന്തൊക്കെയാണ്?**

ഈയടുത്ത കാലത്തായി സർക്കാരിന്റെയും പാർട്ടിയുടെയും ഭാഗത്തുനിന്നായി സഭയേയും സഭാ ധ്യക്ഷന്മാരേയും സമൂഹമദ്ധ്യത്തിൽ ബോധപൂർവ്വം അപകീർത്തിപ്പെടുത്താനുള്ള ഒളിഞ്ഞും തെളിഞ്ഞുമുള്ള പ്രവർത്തനങ്ങൾ നടക്കുന്നു. പ്രബോധനാത്മകമായി എഴുതപ്പെടുന്ന ഇടയലേഖനങ്ങളെ ഗളഹസ്തം ചെയ്യുന്ന രീതിയിലുള്ള പ്രസ്താവനകളുമായി ഉത്തരവാദപ്പെട്ടവർ തന്നെ രംഗത്തു വരുന്നു. സഭാനേതൃത്വവും വിശ്വാസികളും തമ്മിൽ ഐക്യമില്ലായെന്നു ദ്യോതിപ്പിക്കുന്ന പ്രചാരണ ങ്ങൾ നടത്തുന്നു. വിദ്യാർത്ഥിസംഘടനകളെ ഉപയോഗിച്ച് വിലകുറഞ്ഞ ബ്ലാക്മെയിൽ തന്ത്രങ്ങൾ നടത്തുന്നു. ഇവയെല്ലാം അസ്വസ്ഥത സൃഷ്ടിക്കുന്ന കാര്യങ്ങളാണ്.

**15. മാറുന്ന വിദ്യാഭ്യാസ സംസ്കാരത്തോടുള്ള സഭാവീക്ഷണം എന്താണ്?**

നിലവാരമുള്ള വിദ്യാഭ്യാസം ചെലവേറിയതാണ്. ഇത് അംഗീകരിക്കാതെ, കച്ചവട താത്പര്യമാണ് ഇതിനു പിന്നിലെന്നു പറഞ്ഞ് പുകമറ സൃഷ്ടിക്കുകയാണ് ഉത്തര വാദപ്പെട്ടവർ. കോടതികൾ വിധി പ്രഖ്യാപിക്കുമ്പോൾ കോടതികൾ പുരോഗമനവിരുദ്ധരാണെന്നാണ് പ്രചാരണം. ഓരോ കോളജിനും സ്വന്തം ഫീസ് ഘടനയാകാമെന്ന് കോടതി പറഞ്ഞത് ഉന്നത നിലവാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടാകാനാണ്. ആരേയും ശരാശരിക്ക്

മുകളിലേയ്ക്ക് വളരാൻ അനുവദിക്കാത്ത വ്യാജ സമത്വ ബോധമാണ് ഇവിടെ നടമാടുന്നത്. അവനും അവൾക്കും ആകാമെങ്കിൽ എനിക്കും എന്തുകൊണ്ടായിക്കൂടാ എന്ന ആരോഗ്യകരമായ വളർച്ചയുടെയും മത്സരത്തിന്റെയും മുന്നേറ്റമാണു വേണ്ടത്.

**16. സാമൂഹ്യനീതി സഭ നടപ്പാക്കേണ്ടതല്ലേ?**

കേരളത്തിലെ പത്ത് കത്തോലിക്കാ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ 2007-08 ലെ പ്രോസ് പെക്ടസ് വ്യക്തമാക്കുന്ന പ്രവേശനമാനദണ്ഡങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള 10 കുട്ടികൾക്ക് ഒരു സമയം ഒരു കോളേജിൽ നൂറ് ശതമാനം ഫീസ് ഇളവ് നൽകുന്നതിന് വ്യവസ്ഥ ചെയ്തിരിക്കുന്നു. എസ്.സി/എസ്.ടി. 5 ശതമാനം, ദളിത് ക്രിസ്ത്യൻ 5 ശത മാനം, സംവരണം നൽകാനും തീരുമാനിച്ചിട്ടുണ്ട്. തൃശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളജിൽ 60 ശതമാനം വിദ്യാർത്ഥികളിൽ നിന്ന് 3.2 ലക്ഷവും പാവപ്പെട്ടവരായ 25 ശതമാനം വിദ്യാർത്ഥികളിൽ നിന്ന് 10000 രൂപയും എൻ.ആർ.ഐ. 15 ശതമാനം വിദ്യാർത്ഥികളിൽ നിന്ന് 7 ലക്ഷം രൂപയുമാണ് ഫീസ് ഈടാക്കുന്നത്. അങ്ങനെവരുമ്പോൾ ഒരു വിദ്യാർത്ഥിയിൽ നിന്ന് ശരാശരി 302500 രൂപ വരുമാനം ഉണ്ടാകും. ഇത് സർക്കാർ മറ്റ് കോളജുകളു മായി ഉണ്ടാക്കിയ ധാരണയനുസരിച്ച് ഉള്ളതിൽ നിന്നും 75000 രൂപ കുറവാണെന്നുള്ളതു ശ്രദ്ധേയമാണ്. മറ്റ് ക്രൈ സ്തവ മെഡിക്കൽ കോളജുകളും ഇതേ പാറ്റേൺ തന്നെയാണ് അവലംബിക്കുന്നത്. ഫീസ് ഘടനയ്ക്കു പുറമേ യാതൊരുവിധ പണമിടപാടും പാടില്ലെന്ന മെത്രാന്മാരുടെ നിർദ്ദേശം അക്ഷരംപ്രതി നടപ്പിലാക്ക ണമെന്നും അവശവിഭാഗങ്ങളുടെ പ്രവേശനം പോലും മെറിറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ നടത്താവൂ എന്നും നിഷ്കർഷിക്കുന്നുണ്ട്. സാമൂഹികനീതി നടപ്പാക്കുക യെന്നത് സർക്കാരിന്റെയും ബാധ്യതയാണ്. സർക്കാർ സീറ്റുകളിൽ പാവപ്പെട്ടവർക്ക് സ്കോളർഷിപ്പുകളില്ല. സർക്കാർ നടത്തുന്ന പ്രവേശനപരീക്ഷയിൽ നിന്നും എല്ലാവർഷവും ലഭിക്കുന്ന കോടികളുടെ ലാഭമെങ്കിലും ഇതിനായി ഉപയോഗിച്ചുകൂടേ?

**17. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരത്തകർച്ചയെപ്പറ്റി എന്തെങ്കിലും പറയാനുണ്ടോ?**

വിദ്യാഭ്യാസത്തിന്റെ ഓരോ മേഖലയിലും കേരളം 28 സംസ്ഥാനങ്ങളിൽ ഇരുപതും ഇരുപത്തിയഞ്ചും സ്ഥാനങ്ങളിലാണ് ഇപ്പോൾ നിൽക്കുന്നത്. ഈ നിലവാരത്ത കർച്ചയുടെ പ്രതിഫലനം ക്രൈസ്തവ സ്ഥാപനങ്ങളിലും കാണാം. ഇന്ത്യാടുഡേ ഈയിടെ നടത്തിയ പഠനമനു സരിച്ച് ഇന്ത്യയിലെ പത്തു പ്രമുഖ കോളജുകളിൽ പലതും ക്രൈസ്തവ കോളജുകളാണ് (ലെയോള, (ചെന്നൈ), സെന്റ് സേവ്യേഴ്സ് (മുംബൈ), സെന്റ് സീറ്റീഫൻസ് (ഡൽഹി), മൗണ്ട് കാർമ്മൽ, ക്രൈസ്റ്റ് കോളജ് (ബാംഗ്ലൂർ), സെന്റ് സേവ്യേഴ്സ് (കൽക്കട്ട) എന്നിവയാണ് അവ). കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും താരതമ്യേനഉന്നത നിലവാരം പുലർത്തുന്നത് നമ്മുടെ സ്ഥാപനങ്ങ ളാണ്. എങ്കിലും വിദ്യാഭ്യാസ മേഖലയിൽ വലിയ സംഭാവ നകൾ അർപ്പിച്ചുകൊണ്ടിരിക്കുന്ന ക്രൈസ്തവ സഭകൾക്ക് ദേശീയ പ്രാധാന്യമുള്ള ഒരു വിദ്യാഭ്യാസസ്ഥാപനം പോലും കേരളത്തിൽ വളർത്തിയെടുക്കാൻ കഴിഞ്ഞില്ല എന്നത് ഒരു വിരോധാഭാസമാണ്. കേരളത്തിന്റെ രാഷ്ട്രീയ പശ്ചാത്തലം അതിനുള്ള സാഹചര്യം നൽകാത്തതാണ് കാരണമെന്നത് തർക്കമറ്റ സംഗതിയാണ്. മൂല്യാധിഷ്ഠിത വിദ്യാഭ്യാസം നൽകുന്നതിനായി അതിരൂപതയുടെ വിദ്യാഭ്യാസ കൗൺസിൽ ഈ വർഷം ബൃഹത്തായ ഒരു പരിശീലനപരിപാടിക്ക് രൂപം നൽകിയിട്ടുണ്ട്.

**18. എന്തുകൊണ്ടാണ് സർക്കാരിന്റെ ഇന്നത്തെ വിദ്യാഭ്യാസ നയത്തെ സഭ അംഗീകരിക്കാത്തത്?**

പാവപ്പെട്ടവർക്ക് സാങ്കേതിക വിദ്യാഭ്യാസം നൽകാ നുള്ള രാഷ്ട്രീയ ഇച്ഛാശക്തി സർക്കാരിനുണ്ടെങ്കിൽ സർക്കാർ ക്വാട്ടയും സർക്കാർഫീസും സർക്കാർ എൻട്രസ് പരീക്ഷയും ആദ്യം നിർത്തലാക്കട്ടെ. ആത്യന്തിക പരിശോധനയിൽ ഇവയെല്ലാം സമ്പന്നർക്ക് അനുകൂല മായവയാണ്. വളരെ സാധാരണക്കാരായവരുടെ പക്കൽ നിന്നു പോലും ഈടാക്കുന്ന നികുതിപ്പണം കൊണ്ട് പണിതുയർത്തിയിട്ടുള്ള സർക്കാർ പ്രൊഫഷണൽ കോളജുകളിൽ മെറിറ്റ് അടിസ്ഥാനത്തിൽ ദരിദ്രരായ വിദ്യാർത്ഥികളെ പഠിപ്പിക്കുവാൻ എന്തുകൊണ്ട് സർക്കാരിന് തീരുമാനിച്ചുകൂടാ? സർക്കാർ സീറ്റിൽ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് സംവരണം ഏർപ്പെടുത്തുന്ന കാര്യം എന്തുകൊണ്ട് ആലോചിക്കുന്നില്ല? സർക്കാർ സീറ്റിൽ പഠിക്കുന്ന സമ്പന്നരായ വിദ്യാർത്ഥികളിൽ നിന്ന് യഥാർത്ഥ ചെലവ് ഫീസിനത്തിൽ വാങ്ങി പാവപ്പെട്ട വർക്ക് സ്കോളർഷിപ്പ് ഏർപ്പെടുത്തുന്ന കാര്യം ചിന്തി ക്കാവുന്നതല്ലേ? ഇങ്ങനെയൊക്കെ ചെയ്യാമായിരുന്നിട്ടും സ്വാശ്രയ മാനേജ്മെന്റുകളോട് ഒരു വിഭാഗം വിദ്യാർത്ഥി കളിൽ നിന്ന് കൂടുതൽ ഫീസീടാക്കി മറുഭാഗത്തെ പഠിപ്പി ക്കണം എന്നു പറയുന്ന സർക്കാർ നിലപാടിനോട് ഒരു തരത്തിലും യോജിക്കാൻ കഴിയില്ല.

എന്നാൽ സഭ എന്നും അനുരഞ്ജനത്തിന്റെ പാതയേ സ്വീകരിച്ചിട്ടുള്ളൂ. ഭരണഘടനനമുക്ക് ഉറപ്പു നൽകുന്ന അവകാശങ്ങൾ സർക്കാരിന്റെ ആനുകൂല്യമല്ല; അതിൽ ഒത്തുതീർപ്പുണ്ടാക്കിയാൽ വരും തലമുറ നമുക്ക് മാപ്പു നൽകില്ല. അത് ആരുടെയും ഔദാര്യവുമല്ല. അതിനെമാനിക്കാതെയുള്ള ഏത് നീക്കത്തിനോടും സഭയ്ക്ക് ഒത്തുതീർപ്പില്ല. എന്നാൽ വിദ്യാർത്ഥികളുടെ ഭാവിയെപ്രതി അവകാശങ്ങൾ ഹനിക്കാത്ത ഏതു നീക്കത്തിനും സഭ സർവ്വാത്മനാ സഹകരിക്കുന്നതാണ്.